# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2411** **07.02.2019-ൽ മറുപടിക്ക്**

## കൈത്തറി മേഖല സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) സർക്കാർ സ്കൂളുകളിൽ ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ഈ മേഖലയ്ക്ക് നൽകിയ ഉത്തേജനം എന്താണെന്ന് അറിയിക്കാമോ; | (ബി) അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുണി ഉല്പാദിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ; അല്ലെങ്കിൽ ഇതിനായി കൂടുതൽ തറികൾ ആരംഭിക്കുന്നതിന് സഹായം നൽകുമോ; | (സി) 2019-20 അദ്ധ്യയന വർഷത്തേയ്ക്ക് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലേയും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലേയും കുട്ടികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം വിതരണത്തിനായി ആകെ 42.8 ലക്ഷം മീറ്റർ തുണി ആവശ്യമാണ്. ആയത് ഉൽപാദിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. ഇതിനു പുറമേ കൂടുതൽ തറികൾ വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. |
| (ഡി) ഈ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് ശരാശരി എത്ര ദിവസം തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്; | (ഡി) സൗജന്യസ്കൂൾ യൂണിഫോം പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് ശരാശരി 200 ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ കൂടുതലായി നൽകുവാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തി നായി കൈത്തറി സഹകരണ സംഘ ങ്ങൾക്ക് എന്തെങ്കിലും പ്രത്യേക ധന സഹായം അനുവദിക്കുന്നുണ്ടോ; വിശദ മാക്കുമോ? | (ഇ) | ഏറെ ജനപ്രിയഉൽപന്നങ്ങളായ റോയൽ വേഷ്ടികൾ, ഒറ്റമുണ്ടുകൾ, കാവികൾ, കളർ സാരികൾ, ഫർണ്ണിഷിംഗ് & ഷർട്ടിംഗ്സ് മുതലായവയുടെ വില ന്യായമായ കൂലിയുടെ അടിസ്ഥാനത്തിൽ ഉറപ്പാക്കി, ഉൽപാദനം, സംഭരണം, വിപണനം എന്നിവ നടപ്പിലാക്കുന്ന തിനായി ഹാന്റക്സ്/ ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളി ത്തം, ധനസഹായം എന്നിവ നൽകുന്നു. ഉൽപ ന്നങ്ങളുടെ നവീകരണം (മൂല്യവർദ്ധന) ലക്ഷ്യ മാക്കി കലാപരമായ കൈത്തറി പ്രോത്സാഹന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം മികച്ച കലാമൂല്യമുള്ള ഉൽപന്നങ്ങൾ നെയ്തെടുക്കാൻ നെയ്ത്തുകാരെ പരിശീലനം നൽകി പ്രാപ്തരാക്കി അവർ നെയ്യുന്ന ഉൽപന്നങ്ങളിൽ ഏറ്റവും മികച്ചതിന് അവാർഡ് നൽകി പ്രോത്സാഹിപ്പിച്ച് വരുന്നു. കൂടാതെ സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാടിസ്ഥാന ത്തിലും ഏറ്റവും മികച്ച കൈത്തറി സഹകരണ സംഘങ്ങൾക്കും അവാർഡ് നൽകി പ്രോത്സാഹി പ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം -1</u>

കൈത്തറി മേഖലയിലുണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് ന്യായമായ വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് **"സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി"**. ഏകദേശം 4800-ഓളം നെയ്ത്ത് തൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നു. അവർക്ക് സ്ഥിരവരുമാനവും, കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും പൂട്ടി കിടന്നിരുന്ന പല നെയ്ത്ത് സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നു പ്രവർത്തിപ്പിക്കുവാനും സാധിച്ചു. പദ്ധതിയുടെ ഭാഗമായി ആരംഭഘട്ടത്തിൽ തറി റിപ്പയറിംഗിനും മറ്റ് ചെലവുകൾക്കുമായി ഓരോ തറികൾക്കും 4000/- രൂപ വീതം നൽകിയിരുന്നു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 87 കോടിയിലധികം രൂപ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. നെയ്ത്ത് തൊഴിലാളികൾക്ക് പ്രോത്സാഹനം എന്ന രീതിയിൽ പ്രസ്തുത പദ്ധതിയിൽ ഓരോ ജില്ലയിലും കൂടുതൽ തുണി നെയ്യുന്ന നെയ്ത്ത് തൊഴിലാളികളെ ആദരിക്കുകയും, ക്യാഷ് അവാർഡ് നൽകുകയും ചെയ്യുന്നു. കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ആയി ഒരാഴ്ച പരമാവധി 1000/- രൂപ എന്ന നിരക്കിൽ കൂടുതലായി ലഭ്യമാക്കുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ് സമ്മാനിച്ചിരിക്കുകയാണ്.

തൊഴിൽ രഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടി **"യുവവീവ്"** പദ്ധതിയും നടപ്പിലാക്കി വരുന്നു. 18-40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യ നെയ്ത്തുപരിശീലനം നൽകുകയും, ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും, തുടർന്നുള്ള മൂന്ന് മാസം സ്റ്റൈപന്റും വേതനവും നൽകി വരുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നു.കോഴിക്കോട്,കൊല്ലം,കോട്ടയം, പാലക്കാട്, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 15 ബാച്ചുകളായി ആകെ 300 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം യുവവീവ് പദ്ധതിയ്ക്കായി 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ **'ഒരു വീട്ടിൽ ഒരു തറി'** എന്ന പദ്ധതി പ്രകാരം, നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക(പരമാവധി 40000/- രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിപ്രകാരം 279 വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി നെയ്ത്ത് സംഘങ്ങളിലെ 43 നെയ്ത്തുകാർക്കും (ആകെ 322 നെയ്ത്തുകാർക്ക്) പുതിയ തറികൾ വാങ്ങുവാൻ 1,08,66,608 രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്. ഇതോടൊപ്പം കൈത്തറി ഉൽപന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ ഇതര നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് **"കൈത്തറി സുരക്ഷാ" പദ്ധതി.** കേരളത്തിലെ സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വിൽപ്പന സൗകര്യം മുഖേന പദ്ധതി നടപ്പിലാക്കാനാണ്

ഉദ്ദേശിക്കുന്നത്. ടി പദ്ധതിയിലൂടെ 2018-19 സാമ്പത്തിക വർഷം 100 കോടി രൂപയുടെ വിപണനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കേരളത്തിലെ കൈത്തറി ഉൽപന്നങ്ങൾക്ക് "**ബ്രാന്റിംഗ്**" നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം 120 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൈത്തറി ഉൽപന്നങ്ങളുടെ ബ്രാന്റിംഗ് നടപ്പിലാക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) യുടെ വിദഗ്ധ സേവനം ലഭ്യമാക്കുവാൻ 'Knowledge partnership' നുള്ള പ്രൊഫഷണൽ ഫീയായി 38 ലക്ഷം രൂപ അനുവദിക്കുകയും ആദ്യത്തെ ഇൻസ്റ്റാൾമെന്റായി 19 ലക്ഷം രൂപ നിഫ്റ്റിന് അനുവദിച്ച് നൽകുകയും ചെയ്തു. വിവിധ ഘട്ടങ്ങളായാണ് ബ്രാന്റിംഗ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്. ഐ.ഐ.എച്ച്.റ്റി, ഹാന്റക്സ്, ഹാൻവീവ്, നിഫ്റ്റ് എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി ബ്രാന്റിംഗിനു വേണ്ടിയുള്ള ഉൽപന്നങ്ങൾ കണ്ടെത്തി വരുന്നു. ബ്രാന്റിംഗ് നടത്തുന്നതു വഴി കൈത്തറി ഉൽപന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുകയും അതുവഴി നെയ്ത്തുകാർക്കും കൈത്തറി മേഖലയ്ക്കും പ്രയോജനം ലഭിക്കുകയും ചെയ്യും.

അംഗീകൃത നിബന്ധനകളനുസരിച്ച് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് "**പ്രൊഡക്ഷൻ ഇൻസെന്റീവായി**" ഒരാഴ്ച പരമാവധി 1000/- രൂപ നിരക്കിൽ ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായി ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ ജോലിക്കാരുടെയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2016-17 വർഷത്തിൽ 311.72 ലക്ഷം രൂപയും 2017-18 വർഷത്തിൽ 860.36 ലക്ഷം രൂപയും 2018-19 വർഷത്തിൽ 500 ലക്ഷം രൂപയും അർഹരായ ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു. ഓരോ സാമ്പത്തിക വർഷവും 5000 ത്തോളം തൊഴിലാളികൾക്ക് ഇത് വഴി മെച്ചപ്പെട്ട വേതനവും ഉൽപാദനത്തിനുള്ള പ്രോത്സാഹനവും ഉറപ്പാക്കാൻ സാധിച്ചു.

കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപാദനയൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "**സ്വയം തൊഴിൽ സംരംഭം**". ഈ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും, പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും ഗ്രാന്റായി നൽകി വരുന്നു. സംരംഭകത്വ അഭിരുചിയുള്ള യുവതീയുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. 2016-17,2017-18,2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സംരംഭങ്ങളിൽ ഏകദേശം 200 ൽ അധികം പുതിയ നെയ്ത്തുകാർ ഈ പരമ്പരാഗതമേഖലയിൽ തൊഴിൽ നേടിയിട്ടുണ്ട്.

പ്രാഥമിക കൈത്തറി സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രവർത്തനമികവ് അവലോകനം ചെയ്ത് കൊണ്ട് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രോൽസാഹനം നൽകുക വഴി ആരോഗ്യകരമായ മത്സരവും പുരോഗതിയും ആ രംഗത്ത് കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് "**പ്രാഥമിക നെയ്ത്ത് സംഘങ്ങൾക്കുള്ള അവാർഡ്**". 2017-18 വർഷം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ ഈ പദ്ധതി വഴി 3 കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതല അവാർഡുകളും 10 കൈത്തറി സംഘങ്ങൾക്ക് ജില്ലാതല അവാർഡുകളും നൽകുകയുണ്ടായി. സംസ്ഥാന തലത്തിൽ അവാർഡ് തുകയായ 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50000/- രൂപ വീതവും വിതരണം ചെയ്യുകയുണ്ടായി.

കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാർ,അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ഒത്തുചേരലിനും മാനസികോല്ലാസത്തിനും ക്രിയാത്മകമായി വേദിയൊരുക്കുക എന്ന് ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആദ്യമായി 2017-18 ൽ നടപ്പിലാക്കിയ പദ്ധതിയാണ് "**വീവേഴ്സ് ഫെസ്റ്റ്"**. ഇത് വഴി നെയ്ത്തുകാരുടെ തൊഴിൽ വൈദഗ്ദ്ധ്യം പ്രകടമാക്കുന്നതിനായുള്ള നെയ്ത്ത് മത്സരം, അത് പോലെ ചിത്രരചന, ഡിസൈൻ എന്നീ രംഗങ്ങളിലുള്ള സർഗ്ഗ വാസനകൾ പ്രോത്സാഹിപ്പിക്കൽ, കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ പ്രയാസങ്ങളെ പങ്കു വെയ്ക്കാൻ ഒരു വേദിയൊരുക്കുക, സർവ്വോപരി കൈത്തറി ഉൽപന്നങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ സാധ്യമാകുമെന്ന് തെളിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെമ്പാടും കൈത്തറി മേഖലകൾ തിരിച്ചും ജില്ലാതലങ്ങളിലായും 20 ൽ കൂടുതൽ വേദികളിൽ നെയ്ത്തുകാരുടെ മത്സരങ്ങൾ കലാമേളകളുൾപ്പെടെ വീവേഴ്സ് ഫെസ്റ്റ് നടത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ

അനുബന്ധം II

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈത്തറി മേഖല നേരിട്ട പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറിസ്കൂൾ യൂണിഫോം പദ്ധതി സർക്കാറിന്റെ ആദ്യ ബജറ്റ് പ്രസംഗത്തിൽ തന്നെ കൈത്തറി മേഖലയെ സംരക്ഷിക്കുവാനുള്ള പദ്ധതി എന്ന നിലയിൽ കേരളത്തിലെ ഒന്ന് മുതൽ എട്ടു വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം 2 സെറ്റ് വീതം കൈത്തറിയിൽ ഉൽപ്പാദിപ്പിച്ചു സൗജന്യമായി നൽകുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ 2689 സർക്കാർ സ്കൂളുകളിലെ 1 മുതൽ 5 വരെ ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾക്കു 9.60 ലക്ഷം മീറ്റർ തുണിയും 2018-19 വർഷം 1 മുതൽ 7 ക്ലാസ്സു വരെയുള്ള 3578 സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കു 23 ലക്ഷം മീറ്റർ തുണിയും കൈത്തറിയിൽ ഉൽപ്പാദിപ്പിച്ചു യൂണിഫോമിനായി വിതരണം നടത്തുകയുണ്ടായി. 2019-20 അദ്ധ്യയന വർഷം നിലവിൽ നൽകി വരുന്നതിനു പുറത്തു എയ്ഡഡ് മേഖലയിലെ 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്കു കൂടി നൽകുന്നതിന് ഉദ്ദേശം 42 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ആയതിനു 108 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിനു ശേഷം 4800 ഓളം നെയ്ത്തു തൊഴിലാളികൾക്കും അതിലധികം നെയ്ത്തു അനുബന്ധ തൊഴിലാളികൾക്കും വർഷം ഏകദേശം 300 ദിവസത്തോളം ജോലി നല്കാൻ കഴിഞ്ഞിട്ടുണ്ട്. പൂട്ടിക്കിടന്നിരുന്ന പല നെയ്ത്തു സംഘങ്ങളും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല ഏകദേശം 87 കോടിയിൽ അധികം രൂപ കൂലിയിനത്തിൽ മാത്രം തൊഴിലാളികൾക്ക് നൽകിക്കഴിഞ്ഞു.

ഇതോടൊപ്പം ഉൽപ്പാദന പ്രോത്സാഹനം എന്ന നിലയിൽ നിലവിലുള്ള അനുപാതത്തിലും കൂടുതൽ തുണി നെയ്യുന്ന തൊഴിലാളിക്ക് ഒരാഴ്ച പരമാവധി 1000/ രൂപ കണക്കിൽ മാസം ( 4 ആഴ്ചക്കു ) 4000/- രൂപയും അധികമായി ലഭിക്കുന്നു. ഈ ഇനത്തിലായി ഈ സർക്കാർ ഇതേവരെ 16.72 കോടി രൂപ തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതി കൈത്തറി മേഖലയിൽ മാത്രമല്ല കേരളത്തിലെ സ്പിന്നിങ്മിൽ മേഖലയിലും ഉൽപ്പാദന വർദ്ധനവിനു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ കൈത്തറി മേഖലയിൽ ഏറെ സന്തോഷത്തോടെ, പുത്തൻ ഉണർവോടുകൂടി തൊഴിലാളികൾ നെയ്ത്തു ജോലി തുടർന്ന് വരികയുമാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ